പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 224

# 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 25-10-19

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 224

# 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ

977/2019.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 224

# 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ

നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തികൾ മൂലം സ്വകാര്യ സ്വത്തിന് ഇടയ്ക്കിടെയുണ്ടാകുന്നതും വ്യാപകവുമായ നാശനഷ്ടം തടയുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തികൾ മൂലം സ്വകാര്യ സ്വത്തിന് ഇടയ്ക്കിടെയുണ്ടാകുന്നതും വ്യാപകവുമായ നാശനഷ്ടം തടയുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 3 എ യും 5 എ യും വകുപ്പുകൾ 2019 ജൂലൈ 6-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വ്യവസ്ഥകൾ 2019 ജനുവരി 8-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തി" എന്നാൽ വർഗ്ഗീയ ലഹള, ഹർത്താൽ, ബന്ദ്, പ്രകടനം, മാർച്ച്, ഘോഷയാത്ര, റോഡ് ഗതാഗതം തടയൽ അല്ലെങ്കിൽ ഏതു പേരിൽ വിളിക്കുന്ന, അതു പോലെയുള്ള സംഘം ചേരൽ മൂലം ഏതെങ്കിലും വ്യക്തിയോ, വ്യക്തികളുടെ കൂട്ടമോ, സാമൂഹികമോ മതപരമോ രാഷ്ട്രീയമോ ആയ സംഘടനയോ ഏതെങ്കിലും സ്വകാര്യസ്വത്തിന് നാശനഷ്ടമോ നഷ്ടമോ നശീകരണമോ ഉണ്ടാക്കുന്ന ഒരു പ്രവൃത്തി എന്നർത്ഥമാകുന്നു;

(ബി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു;

(സി) "സ്വകാര്യസ്വത്ത് " എന്നാൽ 1984-ലെ പ്രിവൻഷൻ ഓഫ് ഡാമേജ് ടു പബ്ലിക് പ്രോപ്പർട്ടി ആക്റ്റിൻ (1984-ലെ 3-ാം കേന്ദ്ര ആക്റ്റ്) കീഴിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള പൊതുസ്വത്ത് അല്ലാതെയുള്ള, ഏതെങ്കിലും ആളുടെയോ സംഘടനയുടെയോ സ്ഥാപനത്തിന്റെയോ അസ്തിത്വത്തിന്റെയോ ഉടമസ്ഥതയിലോ കൈവശത്തിലോ നിയന്ത്രണത്തിൻ കീഴിലോ ഉള്ള, ഏതെങ്കിലും യന്ത്രസാമഗ്രി ഉൾപ്പെടെയുള്ള, സ്ഥാവരമോ ജംഗമമോ ആയ ഏതെങ്കിലും സ്വത്ത് എന്നർത്ഥമാകുന്നു.

3. <u>നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തികളുടെ നിരോധനം</u>.—വർഗ്ഗീയ ലഹളയിലോ, ഹർത്താലിലോ, ബന്ദിലോ, പ്രകടനത്തിലോ, മാർച്ചിലോ, ഘോഷയാത്രയിലോ, റോഡ് ഗതാഗതം തടയലിലോ അല്ലെങ്കിൽ ഏതു പേരിൽ വിളിക്കുന്ന, അതുപോലെയുള്ള സംഘം ചേരലിലോ പങ്കെടുക്കുന്ന യാതൊരാളും നാശനഷ്ടമുണ്ടാക്കുന്ന എന്തെങ്കിലും പ്രവൃത്തി ചെയ്യാൻ പാടുള്ളതല്ല.

3 <u>എ. പോലീസിന് വീഡിയോ റെക്കോർഡിംഗ് ചെയ്യാമെന്ന്</u>.—ഈ ആക്റ്റിൻ കീഴിലുള്ള ഒരു കുറ്റം ചെയ്യുന്നത് പോലീസിന് വീഡിയോ റെക്കോർഡിംഗ് ചെയ്യാവുന്നതും അങ്ങനെയുള്ള വീഡിയോ റെക്കോർഡിംഗ് 1872-ലെ ഇൻഡ്യൻ തെളിവ് നിയമത്തിലെ (1872-ലെ 1-ാം കേന്ദ്ര ആക്റ്റ്) 65 <u>ക</u>, 65 <u>ഖ</u> എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഏതെങ്കിലും നടപടിക്രമങ്ങളിൽ സ്വീകാര്യമായിരിക്കുന്നതുമാണ്.

4. <u>നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തി ചെയ്യുന്നതിനുള്ള ശിക്ഷ</u>.—നാശനഷ്ടമുണ്ടാക്കുന്ന ഒരു പ്രവൃത്തി ചെയ്യുന്ന ഏതൊരാളും അഞ്ചു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നൽകി ശിക്ഷിക്കപ്പെടുന്നതും പിഴ ശിക്ഷയ്ക്കു കൂടി അർഹനാകുന്നതുമാണ്.

5. <u>തീ കൊണ്ടോ സ്ഫോടക വസ്തു കൊണ്ടോ നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തി ചെയ്യുന്നതിനുള്ള ശിക്ഷ</u>.—തീ കൊണ്ടോ സ്ഫോടക വസ്തു കൊണ്ടോ നാശനഷ്ടമുണ്ടാക്കുന്ന ഒരു പ്രവൃത്തി ചെയ്യുന്ന ഏതൊരാളും ജീവപര്യന്തം തടവോ പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടുന്നതും പിഴ ശിക്ഷയ്ക്കു കൂടി അർഹനാകുന്നതുമാണ്.

5 <u>എ. കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം അനുവദിക്കേണ്ടതല്ലാത്തതും ആയിരിക്കുമെന്ന്</u>.—ഈ ആക്റ്റിൻ കീഴിൽ ഉള്ള കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം അനുവദിക്കേണ്ടതല്ലാത്തതും ആയിരിക്കുന്നതാണ്.

6. ജാമ്യം.—4-ാം വകുപ്പിൻ കീഴിലോ 5-ാം വകുപ്പിൻ കീഴിലോ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെട്ടതോ അല്ലെങ്കിൽ കുറ്റാരോപിതനോ ആയ യാതൊരാളെയും, കസ്റ്റഡിയിൽ ആണെങ്കിൽ, കടം വീട്ടാൻ കഴിവുള്ള രണ്ട് ജാമ്യക്കാർ ബോണ്ട് വെച്ചു കൊണ്ടും, സംഭവസ്ഥലത്തിനു മേൽ അധികാരിതയുള്ള ഡെപ്യൂട്ടി കളക്ടർ (ജനറൽ)-ന്റെയോ അദ്ദേഹത്തിന്റെ അഭാവത്തിൽ ഡെപ്യൂട്ടി കളക്ടർ (ജനറൽ)-ന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്റെയോ ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി തീരുമാനിച്ചേയ്ക്കാവുന്ന, നശിപ്പിക്കപ്പെട്ടതോ നാശനഷ്ടമുണ്ടാക്കപ്പെട്ടതോ ആയ സ്വത്തിന്റെ മൂല്യത്തിന്റെ ഒന്നു പകുതിയിൽ കുറയാതെയുള്ള, മതിയായ ഈട് ബാങ്ക് ഗ്യാരണ്ടിയുടെ രൂപത്തിൽ നൽകിക്കൊണ്ടോ അല്ലെങ്കിൽ പണം കോടതിയിൽ ഡിപ്പോസിറ്റ് ചെയ്തു കൊണ്ടോ, അങ്ങനെയുള്ള മോചനത്തിനായുള്ള അപേക്ഷ എതിർക്കുന്നതിന് പ്രോസിക്യൂഷന് ഒരു അവസരം നൽകാതെ ജാമ്യത്തിൽ മോചിപ്പിക്കുവാൻ പാടുള്ളതല്ല.

7. കുറ്റങ്ങളുടെ വിചാരണ.—(1) ഈ ആക്റ്റിൻ കീഴിലുള്ള കുറ്റങ്ങൾ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം അന്വേഷിക്കേണ്ടതും വിചാരണ നടത്തേണ്ടതുമാണ്.

(2) ഈ ആക്റ്റിൻ കീഴിലുള്ള ഒരു കുറ്റത്തിന് കുറ്റ സ്ഥാപനത്തിൻമേൽ ഒരു കോടതി ഒരു ശിക്ഷാവിധി ചുമത്തുമ്പോൾ കുറ്റം ചെയ്തത് മൂലം ഏതെങ്കിലും ആൾക്കുണ്ടായ എന്തെങ്കിലും നാശനഷ്ടത്തിനോ നഷ്ടത്തിനോ നശീകരണത്തിനോ ഉള്ള നഷ്ടപരിഹാരം നൽകുന്നതിന് ഉത്തരവിടേണ്ടതും, അങ്ങനെയുള്ള നഷ്ടപരിഹാരം 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 357-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കോടതി തീരുമാനിക്കേണ്ടതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്റ്റിലെ (1968-ലെ 15) വ്യവസ്ഥകൾ പ്രകാരം ഭൂമിയിൻമേലുള്ള പൊതുനികുതി കുടിശ്ശിക എന്ന പോലെയും ഈടാക്കാവുന്നതുമാണ്.

8. ഒഴിവാക്കൽ.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കു പുറമെയും അതിന് ഭംഗം വരാതെയും ആയിരിക്കേണ്ടതും ഈ ആക്റ്റിൽ അടങ്ങിയിട്ടുള്ള യാതൊന്നും ഏതെങ്കിലും ആൾക്കെതിരെ, ഈ ആക്റ്റ് പ്രകാരമല്ലാതെ ആരംഭിക്കാവുന്നതോ സ്വീകരിക്കാവുന്നതോ ആയ എന്തെങ്കിലും നടപടികളിൽ നിന്നും (അന്വേഷണം മുഖേനയോ മറ്റുവിധത്തിലോ) അയാളെ ഒഴിവാക്കാൻ പാടില്ലാത്തതുമാണ്.

9. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേയ്ക്കായി, മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത ചട്ടങ്ങളിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള എന്തെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

10. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ഓർഡിനൻസ് (2019-ലെ 33) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് വിവിധ സംഘടനകളോ, വ്യക്തിയോ, വ്യക്തികളുടെ കൂട്ടമോ സംഘടിപ്പിക്കുന്ന വർഗ്ഗീയ ലഹള, ഹർത്താൽ, ബന്ദ്, പ്രകടനം, മാർച്ച്, ഘോഷയാത്ര, റോഡ് ഗതാഗതം തടയൽ അല്ലെങ്കിൽ അതുപോലെയുള്ള സംഘം ചേരൽ മൂലം പൊതുസ്വത്തിനു പുറമേ സ്വകാര്യസ്വത്തുക്കളും വലിയ തോതിൽ നശിപ്പിക്കപ്പെടുന്നു. സ്വകാര്യസ്വത്തിന് ഇടയ്ക്കിടെ ഉണ്ടാകുന്നതും വ്യാപകവുമായ നാശനഷ്ടം തടയുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും വേണ്ടി ഒരു നിയമ നിർമ്മാണം കൊണ്ടു വരേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2019-ലെ കേരള സ്വകാര്യസ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ഓർഡിനൻസ് 2019 ജനുവരി 8-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019-ലെ 5-ാം നമ്പർ ഓർഡിനൻസായി 2019 ജനുവരി 8-ാം തീയതിയിലെ 44-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 14-ാം കേരള നിയമസഭയുടെ 2019 ജനുവരി 25-ാം തീയതി ആരംഭിച്ച് 2019 ഫെബ്രുവരി 12-ാം തീയതി അവസാനിച്ച സമ്മേളനകാലത്ത് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2019-ലെ കേരള സ്വകാര്യസ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ഓർഡിനൻസ് 2019 ഫെബ്രുവരി 25-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019-ലെ 10-ാം നമ്പർ ഓർഡിനൻസായി 2019 ഫെബ്രുവരി 26-ാം തീയതിയിലെ 487-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 14-ാം കേരള നിയമസഭയുടെ 2019 മേയ് 27-ാം തീയതി ആരംഭിച്ച് 2019 ജൂലൈ 4-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2019-ലെ കേരള സ്വകാര്യസ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ഓർഡിനൻസ് 2019 ജൂലൈ 6-ാം തീയതി കേരള ഗവർണ്ണർ ചില ഭേദഗതികളോടു കൂടി വിളംബരപ്പെടുത്തുകയും ആയത് 2019-ലെ 33-ാം നമ്പർ ഓർഡിനൻസായി 2019 ജൂലൈ 6-ാം തീയതിയിലെ 1503-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

2019-ലെ 33-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ 9-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവയെല്ലാം നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയതും ആകുന്നു. കൂടാതെ അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പിണറായി വിജയൻ.